LITERATURE

# പാരിസ്ഥിതിക സ്ത്രീവാദം: ആശയവും പ്രതിനിധാനവും 'രാമച്ചി'യിൽ

**ഡോ. ദീപാനാരായണൻ**
അസി. പ്രൊഫസർ,
ഗവ. സംസ്കൃത കോളേജ്, തിരുവനന്തപുരം
Email: deepanarayanan2012@gmail.com

**സംഗ്രഹം**

സമൂഹത്തിന്റെ എല്ലാ ചലനങ്ങളെയും സൂക്ഷ്മമായി അടയാളപ്പെടുത്തുന്ന കാഴ്ചപ്പാടുകൾ എക്കാലവും രൂപപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ നൂറ്റാണ്ടുകളിൽ തത്ത്വചിന്തകളിലുണ്ടായ മാനവികത എന്ന ആശയം പിൽക്കാലത്ത് ശാസ്ത്രീയവിജ്ഞാനത്തെ വിലമതിച്ചു. പിന്നീട് പരിസ്ഥിതിദർശനവും ഈ വിധത്തിൽ രൂപപ്പെട്ടു.

മനുഷ്യർ പരിസ്ഥിതിയിൽ നടത്തിയ ഇടപെടലുകൾ ഭൂമിയെ തകർച്ചയിലേക്ക് നയിച്ചിരിക്കുന്നു. ഇത് മനുഷ്യസമൂഹത്തിന്റെ അതിജീവനത്തെ ഭീഷണിപ്പെടുത്തുന്നു. ശാസ്ത്രത്തിന്റെ വികാസം പരിസ്ഥിതിയെ എപ്രകാരം മാറ്റിയെന്നത് പരിസ്ഥിതി പഠിതാക്കളുടെ അന്വേഷണം ആവശ്യപ്പെടുന്നുണ്ട്. മനുഷ്യന്റെ ഇടപെടലുകൾ പ്രകൃതിയെ എപ്രകാരം മാറ്റി എന്നതാണ് ശ്രദ്ധേയമായത്. ശാസ്ത്രത്തെ നിരാകരിക്കാതെ പ്രകൃതിയെ പഠിക്കുകയാണ് ആധുനികനായ മനുഷ്യന്റെ കടമ. പാരിസ്ഥിതികസ്ത്രീവാദം വിനോയ് തോമസിന്റെ 'രാമച്ചി' എന്ന കഥയിൽ പ്രതിനിധീകരിക്കുന്നവിധം അന്വേഷിക്കുകയാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം.

**താക്കോൽവാക്കുകൾ:** പാരിസ്ഥിതികവിമർശനം എന്ന നിലയിൽ, പ്രതിരോധത്തിന്റെ വഴി, രാമച്ചി മാതൃകാപഠനം

**ആമുഖം**

നിലവിലുള്ള പാരിസ്ഥിതിക പ്രതിസന്ധികളെ ഗൗരവമായി പരിഗണിച്ചുകൊണ്ട് മനുഷ്യനും പ്രകൃതിയും തമ്മിലുള്ള നൂതനബന്ധത്തെ ജനകീയമാക്കുന്നതിനുള്ള പരിശ്രമമാണ് പാരിസ്ഥിതികസ്ത്രീവാദം. സ്ത്രീയും പ്രകൃതിയും തമ്മിലുള്ള ഇഴയടുപ്പമാണ് പാരിസ്ഥിതികസ്ത്രീവാദം അന്വേഷിക്കുന്നത്. പ്രപഞ്ചത്തിന്റെ നിലനിൽപ്പ്, ജീവജാലങ്ങൾക്ക് പരസ്പരം ഉണ്ടായിരിക്കേണ്ട ബന്ധം, ഭൂമിയിലെ ആരോഗ്യകരമായ ആവാസവ്യവസ്ഥ എന്നിവ ഹരിതദർശനം ഉൾക്കൊള്ളുന്നു.

**പാരിസ്ഥിതികവിമർശനം എന്ന നിലയിൽ**

ഇക്കാലഘട്ടത്തിൽ ഈ പ്രത്യയശാസ്ത്രത്തിന് പ്രസക്തി വർദ്ധിച്ചുവരുന്നു. ഇന്ന് യഥാർത്ഥ മാനവികമൂല്യത്തിനുവേണ്ടി നിലനിൽക്കുന്ന പ്രസ്ഥാനമായി പാരിസ്ഥിതികസ്ത്രീവാദം കരുത്താർജ്ജിക്കുന്നു. പരിസ്ഥിതിസൗന്ദര്യശാസ്ത്രത്തെക്കുറിച്ചുള്ള ഫൂക്കോയുടെ അന്വേഷണങ്ങളെക്കുറിച്ച് നടത്തുന്ന ആദ്യപഠനമാണ് 'എറിക് ഡാറിയർ' എഡിറ്റുചെയ്ത Discourse of the Environment (1999) എന്ന ഗ്രന്ഥം.

പാരിസ്ഥിതികസ്ത്രീവാദത്തിന്റെ ആദ്യകാല പ്രചോദകർ ഫ്രാങ്കോയ്ഡി ഒബോണും റോസ് മേരി റ്യൂഥറുമാണ്. ഇവർ ജീവിതത്തിന്റെ കേന്ദ്രബിന്ദുവായി കുടുംബത്തെ സമീപിക്കുന്നു. കുടുംബവും പ്രകൃതിയും സ്ത്രീയുമാണ് എല്ലാത്തിന്റെയും അടിസ്ഥാനമെന്ന് സങ്കല്പിക്കുന്നു. ഓബോണും റ്യൂഥറും പ്രകൃതിവിഭവങ്ങൾ, സ്ത്രീകൾ, ആദിവാസികൾ എന്നിവരെ കൊള്ളയടിക്കുന്ന യൂറോപ്പിനെ പുരുഷാധിപത്യസ്വഭാവമുള്ള മുതലാളിത്ത സമൂഹത്തിന്റെ മുന്നേറ്റമായി അവതരിപ്പിക്കുന്നു.

അതിനാൽ എല്ലാത്തരം ചൂഷണത്തിനുമെതിരാണ് പാരിസ്ഥിതികസ്ത്രീവാദം. ഇങ്ങനെ പുരുഷാധിപത്യത്തിന്റെ മോചനത്തിലൂടെ യഥാർത്ഥ ജീവിതം സാധ്യമാകുമെന്ന് ഇവർ പ്രസ്താവിക്കുന്നു. പുതിയതും ശരിയായതുമായ സ്വാതന്ത്ര്യമാണ് ഈ വാദഗതി എന്ന് ഇവർ വിശ്വസിക്കുന്നു. ഏരിയൽ സാലേയുടെ Ecofeminism as Political, Nature, Marx and the Post Modern എന്ന ഗ്രന്ഥം ഇതിന് വ്യക്തമായ പിന്തുണ നൽകുന്നു. പുരുഷാധിപത്യസമൂഹത്തിൽ നിന്നുള്ള വിമോചനം ഏരിയൽ സാലേയുടെ പരിശ്രമങ്ങളിൽ വ്യക്തമാണ്. മനുഷ്യമോചന പ്രസ്ഥാനമായി ഇതിനെ അവർ അവതരിപ്പിക്കുന്നു.

**പ്രതിരോധത്തിന്റെ വഴി**

ഇക്കോ ഫെമിനിസത്തെ ജ്ഞാനശാസ്ത്രഭാഷയിൽ: ശരീരബന്ധിയായ ഭൗതികവാദം എന്നാണ് ഏരിയൽ സാലേ വിശേഷിപ്പിക്കുന്നത് (എൻ.എം.പിയേഴ്സൺ, ഇക്കോ ഫെമിനിസം ഇക്കോ ടൂറിസം മാർക്സിസം, പുറം 117). മാർക്സിസത്തെ അംഗീകരിക്കണമെന്നും പോരായ്മകൾ പരിഹരിക്കണമെന്നും പാരിസ്ഥിതികസ്ത്രീവാദികൾ ആഗ്രഹിക്കുന്നു.

വ്യത്യസ്തവും സമഗ്രവുമായ പരിസ്ഥിതിദർശനങ്ങൾ ഉൾക്കൊള്ളുന്ന നാടാണ് ഭാരതം. പരിസ്ഥിതിസംരക്ഷണത്തെപ്പറ്റിയും ഭാരതീയർക്ക് വ്യക്തമായ അവബോധമുണ്ടായിരുന്നു. എല്ലാ ജീവജാലങ്ങളെയും പോറ്റുന്ന അമ്മയാണ് പ്രകൃതി. പ്രകൃതികേന്ദ്രിതമായ അവബോധമാണ് പരിസ്ഥിതി (Ecology).


ISSN: 2582 - 2594

മാനവരാശിയുടെ നിലനിൽപ്പും ജീവിതദർശനവും പാരിസ്ഥിതികപ്രശ്നങ്ങളെ സ്വാധീനിക്കുന്നുണ്ട്. പരിസ്ഥിതിദർശനവും വികസനമാതൃകകളും തമ്മിൽ ബന്ധമുണ്ട്. 1980 കൾ മുതലാണ് ഹരിതദർശനം മലയാളസാഹിത്യത്തിന്റെ ഭാഗമായത്. ഈ കാലയളവിൽ ഒട്ടേറെ പരിസ്ഥിതിപ്രശ്നങ്ങൾ രാഷ്ട്രീയമായും സാമൂഹികമായും കോളിളക്കം സൃഷ്ടിച്ചത് സാഹിത്യത്തിലും പ്രതിഫലിച്ചു.

സാഹിത്യരൂപങ്ങൾക്ക് അതുണ്ടായ കാലഘട്ടത്തോട് കൃത്യമായ ബന്ധമുണ്ടെന്നും അത് നിരവധി ശൃംഖലകളുടെ ഒത്തൊരുമയാണെന്നും ഉറപ്പിക്കുന്ന സമീപനമാണ് ഓരോ കാലഘട്ടത്തെയും പ്രതിനിധീകരിക്കുന്ന കൃതികൾ അവതരിപ്പിക്കുന്ന ദർശനം.

"പ്രകൃതിയിലെ ജീവസമൂഹങ്ങളും വ്യത്യസ്ത പ്രകൃതിഘടകങ്ങളും തമ്മിലുള്ള പാരസ്പര്യത്തെ വിശകലനപഠനം നടത്തുന്ന ശാസ്ത്രശാഖയായ പ്രകൃതിവിജ്ഞാനത്തിന്റെ ചുവട് പിടിച്ചാണ് പാരിസ്ഥിതിക സ്ത്രീവാദം വളർച്ച പ്രാപിക്കുന്നത്" (ജി.മധുസൂദനൻ (എഡി.) ഹരിതനിരൂപണം മലയാളത്തിൽ, പുറം 90). മനുഷ്യൻ പ്രകൃതി എന്ന വ്യവസ്ഥയുടെ ഭാഗമാണ്. പരസ്പരാശ്രിതത്വവും നിലനിൽപ്പും ഇതിന്റെ ഭാഗമാണ്. പ്രകൃതിയുടെ നിലനിൽപ്പിനുനേരെ വെല്ലുവിളികൾ ഉണ്ടാകുന്ന സാഹചര്യത്തിലാണ് ഇത് പ്രസക്തമാകുന്നത്. "വിവിധ സ്ത്രീവാദപ്രസ്ഥാനങ്ങളുടെ സ്വീകാര്യങ്ങളായ ആശയങ്ങൾ ഉൾക്കൊള്ളുകയും സ്ത്രീയെയും പ്രകൃതിയെയും കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠിക്കുകയും ചെയ്തുകൊണ്ടുള്ള ഒരു ആഗോളപ്രസ്ഥാനമായി മാറുകയാണ് പാരിസ്ഥിതിക സ്ത്രീവാദം" (ജി. മധുസൂദനൻ (എഡി.) ഹരിതനിരൂപണം മലയാളത്തിൽ, പുറം 90). സ്ത്രീയും പ്രകൃതിയും സംയോജിക്കുന്ന തന്ത്രമാണ് ഇവിടെ സ്വീകരിച്ചിരിക്കുന്നത്.

പ്രകൃതിയുടെ പ്രശ്നങ്ങളെ മനുഷ്യന്റെ പ്രശ്നങ്ങൾ എന്ന നിലയിൽ തിരിച്ചറിയുകയും അതിലൂടെ പരിസ്ഥിതിവാദത്തെയും സ്ത്രീവാദത്തെയും സമന്വയിപ്പിക്കുന്ന പദ്ധതിയായി പാരിസ്ഥിതികസ്ത്രീവാദം പരിഗണിക്കപ്പെടുന്നു.

**രാമച്ചി മാതൃകാപഠനം**

സമകാലിക കഥകൾ പ്രശ്നവൽക്കരിക്കാൻ ശ്രമിക്കുന്ന വിപുലമായ ഒരു മേഖലയാണ് പാരിസ്ഥിതികസ്ത്രീവാദം. സമകാലിക ജീവിതത്തെ സൂക്ഷ്മതയോടെയും ആത്മാർത്ഥതയോടെയും അടയാളപ്പെടുത്തുന്നതാണ് പുതിയ കഥകളുടെ രീതി. ചലനാത്മകജീവിതത്തെ പുതിയ തലമുറയ്ക്ക് പറയാനുള്ള ഭാഷയിലൂടെ അത് വിശകലനം ചെയ്യുന്നു. അഭിരുചികളും ആശയങ്ങളും പുതിയ തലമുറയ്ക്കനുസരിച്ച് മാറുന്നു എന്നത് വിനോയ് തോമസിന്റെ 'രാമച്ചി' എന്ന കഥയിലും പ്രകടമാണ്.

പ്രകൃതിയും സ്ത്രീയും ഒന്നാണെന്ന വിശ്വാസത്തിൽ ഊന്നിനിന്നുകൊണ്ട് വിനോയ് തോമസ് എഴുതിയ ചെറുകഥയാണ് രാമച്ചി. കാടിന്റെ വന്യതയിൽ രൂപപ്പെടുത്തിയ ഒരു പ്രണയകാവ്യം. "കാടിന്റെ ഇരുണ്ട സൗന്ദര്യത്തിലേക്ക് നിറവയറുമായി യാത്ര തിരിക്കുന്ന മല്ലികയുടെയും തോഴനായ പ്രദീപന്റെയും കാട് അവരുടെ മേൽ ചൊരിയുന്ന സ്നേഹത്തരികളുടെ പ്രതീകമായി ജനിച്ച കുഞ്ഞിന്റെയും ഭാവങ്ങളാണ് മുഖ്യമായും രാമച്ചി നമ്മുടെ മുന്നിലെത്തിക്കുന്നത്" (വിനോയ് തോമസ്, രാമച്ചി, പുറം 143). കഥാപാത്രങ്ങളായ പ്രദീപനെയും മല്ലികയെയും പോലെ ആറളം ഫാമിൽ അധിവസിപ്പിച്ചിരുന്ന പണിയവിഭാഗത്തിൽപ്പെട്ട മനുഷ്യർക്ക് ഭൂമി എന്നത് അദ്ഭുതവസ്തുവായിരുന്നു. അവർക്ക് ഭൂമി പൊതുസ്വത്തായിരുന്നു.

കാടിന്റെ നിയമങ്ങൾ മാത്രമാണ് അവർക്ക് സത്യം. ആറളം ഫാമിലെ ജീവിതം അവരെ അലോസരപ്പെടുത്തിയിരുന്നു.

ഭൂമിയുടെ കൈവശാവകാശം എന്ന പരിഷ്കൃതജനതയുടെ ചേഷ്ടകളിൽ അവർ വിശ്വസിച്ചില്ല. പ്രകൃതിയിലേക്കുള്ള മടങ്ങിപ്പോക്ക് അനിവാര്യമാണെന്ന് ഈ കഥ സൂചിപ്പിക്കുന്നു. കാടിന്റെ സ്പന്ദനങ്ങൾ അറിയുന്ന ഒരു ജനതയെ നാട്ടിലെ രീതികളുമായി പരുവപ്പെടുത്തുന്നത് ദുഷ്കരമാണ്.

ഈ കഥയിലെ ഒരു പ്രധാന കഥാപാത്രമായ പ്രമുഖൻ എന്ന കുങ്കിയാന കാട്ടുകയറിയതുപോലെ പിറക്കാൻ പോകുന്ന കുഞ്ഞിന് ഉൾക്കാടിന്റെ സൗരഭ്യം നൽകാൻ ശ്രമിക്കുന്ന അമ്മയാണ് ഇതിലെ കഥാപാത്രമായ മല്ലിക.

പ്രകൃതി അമ്മയാവുന്ന മനോഹരനിമിഷം കൂടി ഈ കഥ പങ്കുവയ്ക്കുന്നു. ഇതിലെ മറ്റൊരു കഥാപാത്രം പണിയസ്ത്രീയായ 'മഞ്ഞമുത്തി'യാണ്. ആർദ്രമായ പാരിസ്ഥിതികവാദചിന്തകളുടെ മർമ്മം ചേർത്തുവെച്ചിരിക്കുന്ന കഥയാണിത്. "ദൈവത്തിന്റെയോ സഹജീവികളായ മനുഷ്യരുടെ സവിശേഷ പരിഗണനയ്ക്കുവേണ്ടി പ്രത്യേകമായി ഒന്നും ചെയ്യാതെ, തങ്ങളുടെ പ്രവൃത്തികളുടെ ഗുണദോഷങ്ങളെ ഉന്നതമായ മൂല്യബോധത്തിന്റെ ഉരകല്ല് ഉപയോഗിച്ച് നിർണ്ണയിക്കുന്നതിനെക്കുറിച്ചോ, ആത്മപരിശോധനയുടെ വെളിച്ചത്തിലേക്ക് സ്വയം ഇറക്കിനിർത്തുന്നതിനെപ്പറ്റിയോ ആലോചിക്കുകപോലും ചെയ്യാതെ താന്താങ്ങളുടെ വ്യവഹാരങ്ങളുമായി ജീവിച്ചുപോകുന്നവരാണിവർ" (വിനോയ് തോമസ്, രാമച്ചി, എൻ.പ്രഭാകരൻ, പുറം 9-10).

വള്ളിയൂർക്കാവ് ഉത്സവം കാണാൻ മഞ്ഞമുത്തിയുടെ കൂടെ പോയതും പുഴയോരത്ത് താമസിച്ചതും ചിറകെട്ടിയതുമെല്ലാം മല്ലിക ഓർമ്മിക്കുന്നു. പ്രകൃതിയുടെ വൈവിധ്യങ്ങളെ സൂക്ഷ്മമായി ആഖ്യാനത്തിൽ സന്നിവേശിപ്പിക്കാനും കഥാകൃത്ത് മറക്കുന്നില്ല. സ്ത്രീസ്വാതന്ത്ര്യം കഥയിൽ കടന്നുവരുന്നുണ്ട്. ഇഷ്ടപ്പെട്ട ഇണയെ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യത്തെപ്പറ്റി കഥയിൽ സൂചനയുണ്ട്.

സ്നേഹം ഉദ്ദീപ്തമായ മുഖമായി കഥയിൽ നിറഞ്ഞുനിൽക്കുന്നു. ജീവിതം പങ്കുവയ്ക്കലാണെന്ന കാഴ്ചപ്പാട് കഥ മുന്നോട്ടുവയ്ക്കുന്നു. സൂക്ഷ്മത, ആത്മാർത്ഥത, ലാളിത്യം, കാവ്യാത്മകമായ ഭാഷ എന്നിവ ഈ കഥയുടെ സവിശേഷതകളായി ചൂണ്ടിക്കാട്ടാം. 2017-ൽ മാതൃഭൂമി ആഴ്ച്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ച കഥയാണ് രാമച്ചി.

പാരിസ്ഥിതികസ്ത്രീവാദം എപ്രകാരം രാമച്ചി എന്ന കഥയിൽ പ്രയോഗിച്ചിരിക്കുന്നു എന്നതാണ് ഈ പ്രബന്ധത്തിന്റെ അന്വേഷണവിഷയം. പ്രപഞ്ചത്തിന്റെ നിലനിൽപ്പിന് ജീവജാലങ്ങളുടെ കെട്ടുറപ്പും ആവാസവ്യവസ്ഥയും എപ്രകാരം മികവുറ്റതാകണമെന്ന് ഈ കഥ ചിന്തിക്കുന്നുണ്ട്.

സ്ത്രീയും പ്രകൃതിയും സംസ്കാരവും ഹരിതനിരൂപണത്തിന് എന്നും അന്വേഷണവിഷയമാണ്. ഈ കഥയിലൂടെ പണിയവിഭാഗത്തിൽപ്പെട്ട, പ്രകൃതിയോട് ഇഴയടുപ്പമുള്ള ജനവിഭാഗങ്ങളുടെ പച്ചയായ ജീവിതരീതി അവതരിപ്പിക്കുന്നു. സ്ത്രീയും പ്രകൃതിയും എന്നും ചൂഷണങ്ങൾ നേരിടുന്നവരാണ്. അവർക്ക് സാംസ്കാരിക ജീവിതത്തിലുള്ള സ്ഥാനമാണ് ഈ കഥ അടയാളപ്പെടുത്തുന്നത്.

## ആധാരസൂചി


1. അലക്സ് കെ.ജോർജ്ജ്, ഹരിതരാഷ്ട്രീയം ചരിത്രം സിദ്ധാന്തം പ്രയോഗം, ഡി.സി. ബുക്സ്, കോട്ടയം, 2003.
2. ആഷാ മേനോൻ, തന്മമാനസി, ഗ്രീൻ ബുക്സ്, തൃശ്ശൂർ, 2008 (1990)
3. പ്രസാദ് സി.ആർ., ഹരിതദർശനം ആധുനികാനന്തര കവിതയിൽ, മാളുബെൻ പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 2022 (2007).
4. പിയേഴ്സൺ, എൻ.എം., ഇക്കോ ഫെമിനിസം, ഇക്കോ ടൂറിസം, മാർക്സിസം, കറന്റ് ബുക്സ്, കോട്ടയം, 2003.
5. പ്രതാപൻ തായാട്ട് (എഡി.), പരിസ്ഥിതിദർശനം, ഹരിതം ബുക്സ്, കോഴിക്കോട്, 2019 (2008)
6. പരമേശ്വരൻ എം.പി. (എഡി.), പി.കെ. ദേവൻ (വിവ.), ജോൺ ബെല്ലാമി ഫോസ്റ്റർ, കൗണ്ടർ പോയിന്റ് പബ്ലിഷേഴ്സ്, കൊച്ചി, 2006.
7. മധുസൂദനൻ ജി. (എഡി.), ഹരിതനിരൂപണം മലയാളത്തിൽ, കറന്റ് ബുക്സ്, തൃശ്ശൂർ, 2002
8. മധസൂദനൻ ജി. (സമ്പാ.), എൻ.വി.യുടെ പരിസ്ഥിതി ചിന്തകൾ, ഉഞ്ചത്തെഴുത്തച്ഛൻ മലയാളസർവ്വകലാശാല, മലപ്പുറം, 2016
9. രാമചന്ദ്രൻനായർ പന്മന (എഡി.), പരിസ്ഥിതിപഠനങ്ങൾ, പി.കെ.പരമേശ്വരൻനായർ സ്മാരക ട്രസ്റ്റ്, തിരുവനന്തപുരം, 2013 (2010).
10. രാജീവ് വി. (ഡോ.), നവനിരൂപണം സിദ്ധാന്തവും പ്രയോഗവും, വള്ളത്തോൾ വിദ്യാപീഠം, മലപ്പുറം, 2015
11. രവീന്ദ്രൻ പി.പി. (ഡോ.), ഇടപെടലുകൾ സാഹിത്യം സിദ്ധാന്തം, രാഷ്ട്രീയം, ഡി.സി. ബുക്സ്, കോട്ടയം, 1997
12. വിജയൻ, എൻ.എം., വർണ്ണങ്ങളുടെ സംഗീതം, എച്ച് ആന്റ് സി ബുക്സ്, തൃശ്ശൂർ, 2008.
13. വില്യംസ് ക്രിസ്, രതിമേനോൻ (വിവ.), പരിസ്ഥിതിയും സോഷ്യലിസവും, ഡി.സി. ബുക്സ്, കോട്ടയം, 2013


## English


1. Ahmed, Haroon S., Arms Race, Environment and Development, Karachi: I.P.P.N.W. Regional Office, 1992.
2. Antony, M.J., Landmark Judgment on Enviornmental Protection, New Delhi, Indian Social Institute, 1995
3. Arnold, David and Ramachandra Guha, Nature, Culture, Imperialism: Essays on the Enviornmental History of South Asia, Delhi, Oxford University Press, 1995.
4. Barry, John, Enviornment and Social Theory, London, Routledge, 1999.